(എ&ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങളിൽ വർക്ക് ഡെപ്പോസിറ്റ് സ്കീം അടിസ്ഥാനത്തിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2.01 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിക്കുകയും 11.932 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) ഫ്ലോട്ടിംഗ്, ഹൈവേ ടോപ്പ്, കനാൽ ടോപ്പ് സോളാർ തുടങ്ങിയ വ്യത്യസ്ത സാദ്ധ്യതകളിൽ നിന്ന് വൈദ്യുതി ഉല്പാദനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് വ്യക്തമാക്കുമോ?

നിലവിൽ ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാരാപോൾ കനാൽ ബാങ്ക് സോളാർ പ്രോജക്ട്- 1 മെഗാവാട്ട്, കനാൽ ടോപ്പ്- 3 മെഗാവാട്ട്, പടിഞ്ഞാറേത്തറ ഡാം ടോപ്പ് പ്രോജക്ടായി 400 കിലോവാട്ട് പീക്ക് പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

ഇ.എൽ.സി.ബി. സംവിധാനം സൗജന്യമായി നൽകുന്ന പദ്ധതി

209(3641) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽ വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി അവരുടെ വീടുകളിൽ ഇ.എൽ.സി.ബി. (എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ) സംവിധാനം സൗജന്യമായി നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തിലെ എസ്.സി., എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 600 ഉപഭോക്താക്കളുടെ വീടുകളിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിച്ച് നൽകുന്ന പദ്ധതി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എസ്.സി., എസ്.റ്റി., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിച്ച് നൽകുന്ന പദ്ധതി, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനനുസരിച്ച് ടി പദ്ധതി പ്രസ്തുത വകുപ്പ് മുഖേന നടപ്പിലാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുടുംബങ്ങളിൽ ഇ.എൽ.സി.ബി. സംവിധാനം നൽകുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ എസ്.സി., എസ്.റ്റി., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും മാസ ഉപഭോഗം 20 യൂണിറ്റിൽ താഴെയുമുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി. സ്ഥാപിച്ച് നൽകുന്ന പദ്ധതിയാണ് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉത്തരവായിട്ടുള്ളത്.

(സി) ഈ വർഷം എത്ര കുടുംബങ്ങൾക്കാണ് ഇ.എൽ.സി.ബി. സംവിധാനം സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ കോവിഡ് 19 സാഹചര്യത്തിൽ പഞ്ചായത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ടി പദ്ധതി ഉൾപ്പെടുത്തിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് പഞ്ചായത്ത് വകുപ്പിൽനിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഫണ്ട് ലഭ്യത അനുസരിച്ച് മാത്രമേ ഈ വർഷം പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

തെരുവുവിളക്കുകൾ

210(3642) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ തെരുവ് വിളക്ക് സൗകര്യമുള്ള സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി. ബൾബുകളിലേയ്ക്ക് മാറ്റുകവഴി ഊർജ്ജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചുകൊണ്ട് ഊർജ്ജലാഭം നേടുക എന്ന ലക്ഷ്യത്തോടെ "നിലാവ്" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ് കെ. എസ്. ഇ. ബി.എൽ. തെരുവുവിളക്കുകൾ സ്ഥാപിച്ചുനൽകുന്നത്.

(ബി) പ്രസ്തുത പദ്ധതിക്ക് സൗരോർജ്ജ സൗകര്യം കൂടി ഉപയോഗപ്പെടുത്തുമോ; എങ്കിൽ ഇതിന് എന്തെല്ലാം സാദ്ധ്യതകളാണ് പ്രയോജനപ്പെടുത്തുകയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly